പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2661 21.06.2012- ൽ മറുപടിക്ക്

റോഡുകളുടെ പുനരുദ്ധാരണം - സാങ്കേതികാനുമതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി.കെ സദാശിവൻ | | ശ്രീ. അടൂർ പ്രകാശ് (ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | പ്രകൃതിക്ഷോഭംമൂലം ശോചനീയാവസ്ഥയിലായ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഭരണാനുമതി ലഭിച്ചുകഴിഞ്ഞിട്ടും നിർവ്വഹണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | 2010-2011 വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സാങ്കേതികാനുമതി ലഭിക്കാനുള്ള കാലതാമസം മൂലം യഥാസമയം പൂർത്തീകരിക്കാൻ കഴിഞ്ഞില്ലാ എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് നിർവ്വഹണാനുമതിയും സാങ്കേതികാനുമതിയും യഥാസമയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ ഭരണാനുമതി നൽകുന്ന റോഡു പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിൽ ചില കളക്ട്രേറ്റുകളിൽ കാലതാമസം നേരിടുന്നതായും, തന്മൂലം പ്രസ്തുത പ്രവൃത്തികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയാതെ വരികയും ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. സർക്കാർ അനുമതി നൽകിയ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുണ്ടാകുന്ന കാലതാമസവും ഇതിനൊരു കാരണമാണ്. ഭാവിയിൽ ഇത്തരം കാലതാമസം ഒഴിവാക്കുവാനും, സമയപരിധി കൃത്യമായി പാലിക്കുവാനും, എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ